VI റിപ്പോർട്ട് സമർപ്പണം

(1) കാര്യോപദേശക സമിതിയുടെ മുപ്പത്തിയഞ്ചാമത് റിപ്പോർട്ട്

മുഖ്യമന്ത്രിക്കു വേണ്ടി ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : കാര്യോപദേശക സമിതിയുടെ മുപ്പത്തിയഞ്ചാമത് റിപ്പോർട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുവേണ്ടി സമർപ്പിക്കുന്നു.

(2) മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതിയുടെ ഏഴാമത് റിപ്പോർട്ട്

ശ്രീ. തോമസ് ചാഴികാടൻ : സർ, മേശപ്പുറത്തുവച്ച കടലാസ്സുകൾ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഏഴാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

VII റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ മുപ്പത്തിയഞ്ചാമത് റിപ്പോർട്ട്

മുഖ്യമന്ത്രിക്കുവേണ്ടി ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : കാര്യോപദേശക സമിതിയുടെ മുപ്പത്തിയഞ്ചാമത് റിപ്പോർട്ട് പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) : ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. എം. മാണി : സർ, ബി.സി.-യുടെ റിപ്പോർട്ട് കൂടുതൽ പരിഗണനയ്ക്കായി ബി.എ.സി.-ക്കു തന്നെ തിരിച്ചയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കാര്യോപദേശക സമിതി കൂടിയപ്പോൾ ഞങ്ങൾ പറഞ്ഞിരുന്നത് ഒരു ദിവസം രണ്ടു ബില്ലുകളിൽക്കൂടുതൽ ചർച്ചയ്ക്ക് വയ്ക്കരുതെന്നാണ്. രണ്ട് ബില്ലുകൾ ഞങ്ങൾ സമ്മതിച്ചതുതന്നെ സഭയിൽ ബിസിനസ് നടന്നോട്ടെ എന്ന നിലയിലാണ്. വാസ്തവത്തിൽ രണ്ട് ബില്ലുകൾ പൂർണ്ണമായി ഒരു ദിവസംകൊണ്ട് പാസ്സാക്കാൻ പറ്റുകയില്ല. അപ്പോൾ മൂന്ന് ബില്ലുകൾ വച്ചുകൂടേ എന്ന നിർദ്ദേശം വന്നപ്പോൾ ഞങ്ങൾ വളരെ ഖണ്ഡിതമായി യാതൊരു കാരണവശാലും മൂന്ന് ബില്ലുകൾ വയ്ക്കരുത്, അത് തെറ്റാണ്, നിയമസഭയ്ക്ക് അതിനുള്ള സൗകര്യം തരണം, മെമ്പർമാരുടെ അവകാശങ്ങൾ പരിരക്ഷിക്കണം എന്നു പറഞ്ഞതാണ്. ഇപ്പോൾ അതിന് വിപരീതമായി 29-ാം തീയതി മൂന്ന് ബില്ലുകൾ വച്ചിരിക്കുന്നു. 30-ാം തീയതി മൂന്ന് ബില്ലുകൾ വച്ചിരിക്കുന്നു. ഞങ്ങൾ പറഞ്ഞ അഭിപ്രായത്തിന് വളരെ വിപരീതമായിട്ടാണ് ഇത്. ഈ നിലയ്ക്ക് ഇത് ഞങ്ങൾക്ക് അംഗീകരിച്ചുതരാൻ കഴിയുകയില്ല. മൂന്ന് ബില്ലുകളുടെ ചർച്ച പ്രായോഗികമല്ല, അങ്ങനെ അടിച്ചേൽപ്പിക്കുന്നത് ശരിയല്ല. ബില്ലുകളുടെ കാളിറ്റി തന്നെ നന്നാവില്ല. ദോശ ചുടുന്നതുപോലെ ഓരോ നിയമം പാസ്സാക്കി പോകുകയാണ്. ഇന്നലത്തെ കാര്യമെടുത്താൽ, ശരിയാണ് ഇന്നലെ നിയമസഭയിൽ ബഹളമുണ്ടായി. ബഹളമുണ്ടായത് എന്തുകൊണ്ടാണ്? നിയമന തട്ടിപ്പ് നടന്നിട്ട് ഞങ്ങൾ അതേപ്പറ്റി ശബ്ദിച്ചില്ലെങ്കിൽ അത് വിഷമമാണ്. അതിനിടയിൽ രണ്ട് ബില്ലുകൾ സബ്ജക്ട് കമ്മിറ്റിക്ക് അയച്ചു. എന്തെങ്കിലും ചർച്ച ചെയ്തോ? ഇനി അത് തിരിച്ചു വരും. തിരിച്ചുവരുമ്പോൾ എങ്ങനെ? വല്ല ചർച്ചയുമുണ്ടോ? ചർച്ചയില്ലാതെ നിയമങ്ങൾ പാസ്സാക്കുകയാണ്. ഒറ്റക്കാര്യമേയുള്ളൂ. മൂന്ന് ബില്ലുകൾ ഒരു ദിവസം പാസ്സാക്കുകയെന്നുള്ളത് ശരിയായ നടപടിയല്ല. നിയമസഭയെ നിങ്ങൾ അങ്ങനെ നോക്കുകുത്തികളാക്കി ഇരുത്തരുത്. അതുകൊണ്ട് എന്റെ അഭ്യർത്ഥന ഇത് അമെന്റ് ചെയ്യണം. രണ്ട് ബില്ലുകളേ പറ്റുകയുള്ളൂ. 29-ാം തീയതിയും 30-ാം തീയതിയും മൂന്ന് ബില്ലുകൾ വച്ചിരിക്കുന്നത് ശരിയല്ല. എന്റെ കക്ഷി അതിനെ എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. ജോസഫ് : സർ, ബി.എ.സി.-യുടെ 35-ാമത് റിപ്പോർട്ട് കൂടുതൽ പരിഗണനയ്ക്കായി ബി.എ.സി.-ക്ക് തന്നെ തിരിച്ചയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ബഹുമാന്യനായ ആഭ്യന്തര വകുപ്പുമന്ത്രിക്ക് അറിയാം അദ്ദേഹം ചെയർമാനായ സെലക്ട് കമ്മിറ്റി വളരെ ഗൗരവത്തോടുകൂടി സന്ദർശനം നടത്തി സമഗ്രമായ പോലീസ് ബില്ലിന്റെ റിപ്പോർട്ട് സമർപ്പിച്ചു. 27-12-2010-ന് ചർച്ചയ്ക്കെടുക്കുന്ന സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത 2010-ലെ കേരള പോലീസ് ബില്ലിന് ഏഴ് മെമ്പർമാരുടെ വിയോജനക്കുറിപ്പുണ്ട്. പൊതു ചർച്ചയ്ക്ക് നാലുപേരെങ്കിലും വേണം. പതിനൊന്ന് എം.എൽ.എ.-മാർ ആ ബില്ലിന്റെ പൊതു ചർച്ചയിൽ സംസാരിക്കേണ്ടതാണ്.

പോലീസ് ബില്ലിന്റെ നൂറിയമ്പതോളം വകുപ്പുകളിൽ ക്ലാസ് ബൈ ക്ലാസ് ചർച്ച നടക്കണം. ഇത്രയും സമഗ്രമായൊരു നിയമം, അങ്ങേക്കറിയാം കേരളത്തിന്റെ ചരിത്രത്തിലെ ഒരു നാഴികകല്ലാണ് ആ ബിൽ. പോലീസിന്റെ പരിഷ്കരണം സംബന്ധിച്ച നിയമത്തിന്റെ ചർച്ചയ്ക്കുപോലും മതിയായ സമയം കൊടുക്കാതെ, ഒരു ദിവസം മാത്രം മാറ്റിവച്ചുകൊണ്ട് ഈ നിയമം പാസ്സാക്കാൻ പോകുന്നത് നിയമസഭയോടുള്ള കടുത്ത അവഹേളനമാണ്. രണ്ടാമത്തെ കാര്യം, ഇവിടെ 30-ാം തീയതി രണ്ട് ബില്ലുകൾ അവതരിപ്പിച്ചു. മാണി സാർ ഇവിടെ പറഞ്ഞു ഇന്നലെ സഭയിൽ ബഹളമുണ്ടായപ്പോൾ ആ സൗകര്യം ഉപയോഗിച്ചുകൊണ്ട് ചർച്ചയില്ലാതെ സബ്ജക്ട് കമ്മിറ്റിക്ക് വിട്ട രണ്ട് ബില്ലുകളെക്കുറിച്ച് രണ്ടും പുതിയ ബില്ലുകളാണ്. വെറും ചെറിയ ബില്ലുകളല്ല. The Kerala Veterinary and Animal Sciences University Bill, 2010, 2010-ലെ ഫിഷറീസ് ബിൽ. ഈ രണ്ടു പുതിയ ബില്ലുകൾ, രണ്ട് പുതിയ യൂണിവേഴ്സിറ്റികൾ, അത് സ്ഥാപിക്കുന്നത് സംബന്ധിച്ചുള്ള ചർച്ചയ്ക്കുപോലും മതിയായ സമയം സഭയിൽ വേണ്ടേ? ഒരു പഴയ നിയമത്തിന്റെ ഭേദഗതിയല്ല. രണ്ട് പുതിയ യൂണിവേഴ്സിറ്റികൾ ഉണ്ടാകാൻ പോകുന്നു. യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട് നിരവധി ആക്ഷേപങ്ങളും നിരവധി ആരോപണങ്ങളുമുള്ള സമയമാണിത്. ഈ ഒരു സമയത്ത് രണ്ട് സമഗ്രമായ പുതിയ നിയമങ്ങൾ, ആ നിയമങ്ങൾക്ക് മതിയായ സമയം കൊടുക്കാതെ ദോശ ചുടുന്നതുപോലെ ബിൽ കൊണ്ടുവരുന്നത് ശരിയല്ല. ഇത് നിയമസഭയാണ്, നിയമസഭയുടെ ജോലി ലെജിസ്ലേഷനാണ്. അതിനാവശ്യമായ സമയം വേണം. അതുകൊണ്ട് ഈ റിപ്പോർട്ട് ബി.എ.സി-യുടെ പരിഗണനയ്ക്കുവേണ്ടി വീണ്ടും മടക്കി അയയ്ക്കണം.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ബി.എ.സി.-യുടെ റിപ്പോർട്ട് കൂടുതൽ പരിഗണനയ്ക്കായി ബി.എ.സി.-ക്ക് തന്നെ മടക്കി അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഇവിടെ പറഞ്ഞ അഭിപ്രായങ്ങൾ തന്നെയാണ് എനിക്കും പറയാനുള്ളത്. പ്രത്യേകിച്ച് ഒരു കാര്യമുള്ളത് ദോശ ചുടുന്നതുപോലെ നിയമങ്ങൾ പാസ്സാക്കുന്നത് ശരിയല്ല. വാസ്തവത്തിൽ അത് നിയമനിർമ്മാണത്തോട് കാണിക്കുന്ന ഒരു അവഗണനയായിട്ടുവേണം കണക്കാക്കാൻ. നമുക്ക് ഇപ്പോൾ സബ്ജക്ട് കമ്മിറ്റിയുണ്ട്, അവിടെത്തന്നെ നമുക്ക് വേണ്ടത്ര സമയമൊന്നും കിട്ടുന്നില്ലെന്ന് ഇവിടെ ശ്രീ. കെ. സി. ജോസഫ് പറയുന്നതു

കേട്ടു. 11 ആളുകൾ പ്രസംഗിച്ചു കഴിഞ്ഞിട്ട് പിന്നെ അന്ന് എത്ര സമയമുണ്ടാകും സർ? ഇവിടെ മൂന്നുദിവസമെടുത്ത ബില്ലുകളുണ്ട്. നേരം പുലരുന്നതുവരെ ചർച്ച ചെയ്ത ബില്ലുകളുണ്ട്. ഇവിടെ നമുക്കെല്ലാവർക്കുമറിയാം പഞ്ചായത്ത്രാജ് ആക്ടായാലും അഴിമതി നിരോധനനിയമമാണെങ്കിലും അതിനൊക്കെ പുലർച്ച വരെ ഇരിക്കേണ്ട ഗതികേട് ഉണ്ടായിട്ടുണ്ട്. അങ്ങനെയിരിക്കുമ്പോഴും നമുക്ക് വലിയ ബുദ്ധിമുട്ടാണ്. ഇവിടെയിപ്പോൾ വരുന്ന നിയമത്തിൽ ഒന്ന്, വെറ്ററിനറി നിയമം. അതിൽ 81 വകുപ്പുകളുണ്ട്. ഈ 81 വകുപ്പുകളിൽ ഈ ആളുകളുടെ പ്രസംഗമൊക്കെ കഴിഞ്ഞിട്ട് വല്ലതും ചെയ്യാൻ കഴിയുമോ? ഇതിന് വാസ്തവത്തിൽ മൂന്ന് ദിവസമെങ്കിലും വേണമെന്നാണ് എന്റെ അഭിപ്രായം. പക്ഷേ മാണി സാർ പറഞ്ഞു ബിസിനസ്സ് അഡ്വൈസറി കമ്മിറ്റിയിൽ പ്രതിപക്ഷം എടുത്ത സ്റ്റാന്റിനെ ഞാൻ അനുകൂലിക്കുകയാണെന്ന്. ഏതായാലും. പ്രധാനപ്പെട്ട ബില്ലുകൾക്ക് മൂന്ന് ദിവസമെങ്കിലും വേണ്ടതാണ്. അതുപോലെ വളരെ പ്രധാനപ്പെട്ട ബില്ലാണ് പോലീസ് ബിൽ. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയും ബാക്കിയുള്ള സെലക്ട് കമ്മിറ്റി മെമ്പർമാരും വളരെ താൽപ്പര്യമെടുത്ത്, സ്ട്രെയിൻ എടുത്ത് കൊണ്ടുവന്ന നിയമമാണ്. സാധാരണ ഒരു ബില്ലിന്റെ പ്രാധാന്യമനുസരിച്ചാണല്ലോ സെലക്ട് കമ്മിറ്റിയിലൊക്കെ വിടുന്നത്. ഇത് സെലക്ട് കമ്മിറ്റിക്ക് പോയ ബില്ലാണ്. സെലക്ട് കമ്മിറ്റിക്ക് പോയ ബില്ലിന് മറ്റുള്ള ബില്ലുകൾക്കുള്ള പരിഗണന ,കൊടുക്കുന്നത് ശരിയാണോ? സെലക്ട് കമ്മിറ്റിക്ക് പോയ ബില്ലെന്നു പറഞ്ഞാൽ വളരെ പ്രധാനപ്പെട്ടതാണ്. അത് 150-ഓളം വകുപ്പുകളുള്ള ഒരു ബില്ലാണ്. ആ ബില്ലിൽ 11 ആളുകൾ പ്രസംഗിക്കാനുണ്ട്. അവരുടെ പ്രസംഗങ്ങൾക്ക് എവിടെയാണ് സമയം? ഇങ്ങനെ നിയമം പാസ്സാക്കിയെടുക്കുന്നതുകൊണ്ട് വല്ല പ്രയോജനവുമുണ്ടോ? അതുകൊണ്ട് മാണിസാർ പറഞ്ഞ ആ രണ്ട് ദിവസമെങ്കിലും സമയം വെറ്ററിനറി സർവ്വകലാശാലയ്ക്കും പോലീസ് ബില്ലിനും ഇതുപോലെ പ്രധാനപ്പെട്ട ബില്ലുകൾക്കും കൊടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ബില്ലിന്റെ ചർച്ചയ്ക്ക് ആവശ്യമായ സമയം കിട്ടുന്നില്ലെന്ന് ഇവിടെ എല്ലാവരും പറഞ്ഞുകഴിഞ്ഞു. എനിക്ക് അതിനേക്കാൾ പ്രധാനപ്പെട്ടൊരു കാര്യം പറയാനുള്ളത് ഈ സഭയുടെ നടപടിക്രമം സംബന്ധിച്ചാണ്. ഈ സഭയെ ടേക്കൺ ഫോർ ഗ്രാന്റഡ് ആക്കുകയാണ്. ഇന്നത്തെ സഭയുടെ ബിസിനസ്സിൽ ഉള്ളതാണ് The Kerala Veterinary and Animal Sciences University Bill, 2010. അത് സെലക്ട് കമ്മിറ്റിക്ക് വിടണമെന്നുള്ള അമെന്റ്മെന്റ് മരണകക്ഷി ഇന്ന് അവതരിപ്പിച്ചിട്ടുണ്ട്. അപ്പോൾ അത് സെലക്ട് കമ്മിറ്റിക്കാണോ വിടുന്നത്, സബ്ജക്ട് കമ്മിറ്റിക്കാണോ വിടുന്നതെന്ന് ചർച്ചയ്ക്കുശേഷം സഭ തീരുമാനിക്കേണ്ട കാര്യമാണ്. ടേക്കൺ ഫോർ ഗ്രാന്റഡ് ആക്കി അടുത്ത ദിവസത്തെ അജണ്ടയിൽ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലായി വന്നിരിക്കുകയാണ്. സർ, ഇത് വളരെ തെറ്റായ ഒരു കീഴ്വഴക്കമാണ്. സബ്ജക്ട് കമ്മിറ്റിക്ക് ഇത് വിടണോ സെലക്ട് കമ്മിറ്റിക്ക് വിടണോയെന്ന്

LIBRARY ARCHIVES Kerala Legislative Assembly

സഭയോണ് ചർച്ച ചെയ്ത തീരുമാനിക്കേണ്ടത്. ഇത് സബ്ജക്ട് കമ്മിറ്റിക്ക് വിടണമെന്ന് 29-ാം തീയതിയിലെ അജണ്ടയിൽ വന്നിരിക്കുകയാണ്. അങ്ങനെയാണെങ്കിൽപ്പിന്നെ ഈ അമെന്റ്മെന്റ് അവതരിപ്പിക്കുന്നത് എന്തിനാണ്? ഇവിടെയിങ്ങനെ ചർച്ച ചെയ്യുന്നത് എന്തിനാണ്? ഇത് ഒരു തെറ്റായ കീഴ്വഴക്കമാണ്. ഈ സഭ പല നല്ല കീഴ്വഴക്കങ്ങളുമുണ്ടാക്കിയിട്ടുണ്ട്. ഗവൺമെന്റിന്റെ ബില്ലുകൾ പാസ്സാക്കുന്നതിന് ഞങ്ങൾ സഹകരിക്കുന്ന കൂട്ടത്തിലുമാണ്. നിങ്ങളെപ്പോലെയല്ല ഞങ്ങൾ സഹകരിക്കുന്ന കൂട്ടത്തിലാണ്. കാരണം ഗവൺമെന്റിന് നിയമങ്ങൾ വേണ്ടിവരും. ഈ ചെറിയ സമ്മേളനത്തിൽത്തന്നെ ഞങ്ങൾ ഗവൺമെന്റ് പറഞ്ഞതൊക്കെ സമ്മതിച്ചു. പക്ഷേ എല്ലാ നടപടിക്രമങ്ങളേയും കാറ്റിൽപ്പറത്തി ഈ സഭയെത്തന്നെ ടേക്കൺ ഫോർ ഗ്രാന്റഡ് ആക്കി ചെയ്യുന്നത് ശരിയല്ല. നിങ്ങൾക്ക് ഇപ്പോൾ ഭൂരിപക്ഷമുണ്ട്. നിങ്ങൾ അത് തീരുമാനിക്കും. ഞങ്ങൾക്കറിയാം. പക്ഷേ തെറ്റായ കീഴ്വഴക്കങ്ങൾ ചൂണ്ടിക്കാണിക്കാൻ വേണ്ടിയാണ് ഞങ്ങൾ ഈ അമെന്റ്മെന്റ് ഇവിടെ അവതരിപ്പിച്ച് ഈ കാര്യങ്ങൾ പറയുന്നത്. ഇത് നമുക്കിന്ന് സൗകര്യമാണ്. പക്ഷേ അത് ഈ സഭയ്ക്ക് എന്നേക്കുമായിട്ടുള്ള തെറ്റായ കീഴ്വഴക്കമാകും, കളങ്കമാകുമെന്ന് നിങ്ങൾ മനസ്സിലാക്കണം. ഈ നിലപാട് ഒട്ടും ശരിയല്ലെന്നാണ് എനിക്ക് പറയാനുള്ളത്.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : സർ, ഇത് നിയമനിർമ്മാണത്തിനുവേണ്ടി മാത്രമുള്ള ഒരു പ്രത്യേക സമ്മേളനമാണ്. അതാണ് ഇതിന്റെ പ്രത്യേകത. പല സന്ദർഭങ്ങളിലും ഇങ്ങനെയൊരു സമ്മേളനം തന്നെ ഉണ്ടായിട്ടില്ല. ഈ ഗവൺമെന്റ് നിയമ നിർമ്മാണത്തിനുവേണ്ടി എല്ലാവർഷവും ഇങ്ങനെയൊരു നടപടി സ്വീകരിക്കാറുണ്ട്. അങ്ങനെ നല്ലൊരു കീഴ്വഴക്കം ഇവിടെ സൃഷ്ടിച്ചിരിക്കുകയാണ്. ബിസിനസ് സംബന്ധിച്ചുള്ള കാര്യങ്ങൾ തീരുമാനിക്കാൻ വേണ്ടി ഇന്നലെ ബഹുമാനപ്പെട്ട അങ്ങും മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവുമുൾപ്പെടെ ബിസിനസ് അഡ്വൈസറി കമ്മിറ്റി യോഗം കൂടി. ആ യോഗത്തിൽ പൂർണ്ണമായ യോജിപ്പിലെത്താൻ സാധിച്ചില്ല. ശരിയാണ്. പക്ഷേ ഭരണപക്ഷത്തുനിന്നും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും നമ്മൾ പരമാവധി വിട്ടുവീഴ്ച ചെയ്തു. അത് അങ്ങേക്കുമറിയാം. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനും അറിയാം. ഞങ്ങൾ പ്രൊപ്പോസ് ചെയ്തതാണ്. വളരെ പ്രാധാന്യമുള്ള നാലഞ്ച് നിയമങ്ങൾ, ഓർഡിനൻസുകളാണ്. ഞങ്ങൾ അവ മാറ്റിവച്ചുകൊണ്ട്, പരമാവധി വിട്ടുവീഴ്ച ചെയ്തുകൊണ്ടാണ് ഈ തൃപ്തിൽ വന്നത്. ഞാനൊരു ഉദാഹരണം പറയാം. ശ്രീ. കെ. സി. ജോസഫ് പോലീസ് ബില്ലിനെപ്പറ്റി പറഞ്ഞല്ലോ. ഇവിടെ പറയുന്നതുകേട്ടാൽ ഇവിടെ പോലീസ് ബിൽ ആദ്യമായിട്ടാണ് വരുന്നതെന്ന് തോന്നും. പോലീസ് ബിൽ കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ അവതരിപ്പിച്ചു. ആഭ്യന്തര വകുപ്പുമന്ത്രി ചെയ്തത് ഏറ്റവും നല്ല കാര്യമാണ്. നല്ല നിലയിൽ ചർച്ച നടത്തി. ഒരു ദിവസം അതിനുവേണ്ടി എടുത്തു. പൂർണ്ണമായി അതിനുവേണ്ടി സമയം എടുത്തിട്ട് സെലക്ട് കമ്മിറ്റിക്ക് വിട്ടു. ഏറ്റവും നല്ല കീഴ്വഴക്കമാണ് സൃഷ്ടിച്ചു കൊണ്ടിരിക്കുന്നത് ഈ സഭയിലാണ്. മുമ്പ് അല്ല. സെലക്ട് കമ്മിറ്റിക്ക് വിട്ടു.

LIBRARY ARCHIVES Kerala Legislative Assembly

സെലക്ട് കമ്മിറ്റി മാജ്യം മുഴുവൻ പോയി റിപ്പോർട്ട് തയ്യാറാക്കി. സെലക്ട് കമ്മിറ്റിയിലെ അംഗം കൂടിയാണ് ഞാൻ. അവിടെ ഏറ്റവും നല്ലൊരു സമീപനം ആഭ്യന്തര വകുപ്പുമന്ത്രിയെടുത്തു. ഉന്നയിക്കപ്പെട്ട എല്ലാ ഭേദഗതികളും അംഗീകരിച്ചു. അത് പോകട്ടെ. അത് വേറെ കാര്യം. അത് മന്ത്രിയുടെ ഒരു ഉദാരമനസ്കത. എന്നാൽ ഇവിടെ രണ്ടാം വായനയെന്നു പറയുന്നത് അത് പാസ്സാക്കിയെടുക്കാൻ വേണ്ടിയുള്ളതാണ്. പാസ്സാക്കിയെടുക്കുന്നതിനുവേണ്ടി ഒരിക്കലും ഒരു ദിവസത്തിൽക്കൂടുതൽ ആവശ്യമില്ല. ഇന്നലത്തെ ബി.എ.സി.-യിൽ ഞങ്ങൾ പറഞ്ഞു അതിന്റെകൂടെ ചെറിയ വകുപ്പുമാത്രമുള്ള ഒരു ബിൽ കൂടി വച്ചുകൂടേയെന്ന്. അതാണ് ഗവൺമെന്റ് പ്രൊപ്പോസൽ ആയി വച്ചത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും മാണി സാറും പറഞ്ഞു അതുവേണ്ടെന്ന്. അപ്പോൾ ഞങ്ങൾ എന്താണ് ചെയ്തത്? ഞങ്ങൾ അത് പിൻവലിച്ചു. പോലിസ് ബിൽ മാത്രമാക്കി ഒരു ദിവസം. ആ രൂപത്തിൽ പരമാവധി വിട്ടുവീഴ്ച ചെയ്തു. ഇതിനേക്കാൾ വിട്ടുവീഴ്ച ഒക്കുകയില്ല. ഇതാണ് ഞങ്ങൾ ചെയ്തത്. ശ്രീ. ആര്യാടൻ മുഹമ്മദ് ഉന്നയിച്ചതുകൊണ്ടാണ് ഞാൻ ദീർഘമായി പറയുന്നത്. ഇത് തെറ്റായ കീഴ്വഴക്കമെന്ന് പറഞ്ഞല്ലോ സർ? തെറ്റായ കീഴ്വഴക്കം തിരുത്താൻവേണ്ടിയാണിത്. ഇതിനുമുമ്പ് കഴിഞ്ഞ നിയമസഭയുടെ കാലത്ത് 5 നിയമങ്ങൾ ഒരു ദിവസം പാസ്സാക്കി. 4 നിയമങ്ങൾ പാസ്സാക്കി, 3 എണ്ണം പാസ്സാക്കി അങ്ങനെ നിരവധി ഉദാഹരണങ്ങളുണ്ട്. ആ തെറ്റായ കീഴ്വഴക്കം തിരുത്തി ഒരു നല്ല കീഴ്വഴക്കം സൃഷ്ടിക്കാൻവേണ്ടിയാണ് ഇത് കൊണ്ടുവന്നത്. അതുകൊണ്ട് ഇത് ദയവ് ചെയ്ത് അംഗീകരിക്കണമെന്നാണ് പറയാനുള്ളത്.

ശ്രീ. കെ. എം. മാണി : സർ, ഇത് ഞങ്ങളുടെ കുറ്റമായിട്ടാണ് പറയുന്നത്. അങ്ങ് പറഞ്ഞത് ഇത് പ്രത്യേക നിയമസഭാ സമ്മേളനമാണെന്നാണ്. പ്രത്യേക നിയമസഭാ സമ്മേളനം ഇങ്ങനെ വിളിച്ചുകൂട്ടുമ്പോൾ 25-ൽപ്പരം ഓർഡിനൻസ് നിലനിൽക്കെ ഏഴ് ദിവസത്തെ ഒരു നിയമസഭാ സമ്മേളനം വിളിച്ചുകൂട്ടിയ നിങ്ങളല്ലേ കുറ്റക്കാർ? എന്തുകൊണ്ട് കുറെ ദിവസങ്ങൾ കൂടുതൽ എടുത്തുകൊണ്ട് സഫിഷ്യന്റ് ടൈമോടുകൂടി ഒരു നിയമസഭാ സമ്മേളനം വിളിച്ച് ഇത് പാസ്സാക്കാൻ കഴിഞ്ഞില്ല. 26 ഓർഡിനൻസുകളും റീപ്ലേസ് ചെയ്യേണ്ട ഒരു സന്ദർഭത്തിൽ ഏഴ് ദിവസമായിട്ട് ഒരു നിയമസഭാ സമ്മേളനം വിളിച്ചുകൂട്ടിയ നിങ്ങളല്ലേ ഇതിന്റെ ഉത്തരവാദിത്തം വഹിക്കേണ്ടത്? അതിന് പകരം മൂന്നും നാലും ബില്ലുകൾ ഇങ്ങനെ അടിച്ചേൽപ്പിക്കുന്നതാണോ ശരി. ഇത് ശരിയല്ല.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : പ്രതിപക്ഷത്തുള്ള ബഹുമാനപ്പെട്ട നേതാക്കൻമാർ ഇന്നലെ ബി.എ.സി. കൂടിയ സന്ദർഭത്തിലും ഈ പ്രശ്നങ്ങളൊക്കെ ഉന്നയിച്ചതാണ്. പക്ഷേ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം അത്യാവശ്യമായ ചില കാര്യങ്ങൾ പൂർത്തിയാക്കേണ്ടി വന്നതുകൊണ്ടാണ്

LIBRARY ARCHIVES Kerala Legislative Assembly

ഇത്തരത്തിലുള്ള ഒരു നിർദ്ദേശം സമർപ്പിക്കാനിടയായത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സാങ്കേതികമായി ഒരു പ്രശ്നം പറഞ്ഞു. ഇത് സബ്ജക്ട് കമ്മിറ്റിക്ക് വിട്ട ശേഷമല്ലേ അജണ്ടയിൽപ്പെടുത്തേണ്ടതെന്ന്. സാങ്കേതികമായി അത് ശരിയാണെങ്കിലും ഇന്നലെ നമ്മളെല്ലാവരും കൂടി, ആ സന്ദർഭത്തിൽ നിങ്ങൾ ആ പ്രശ്നം എടുത്തിട്ടില്ല. പ്രതിപക്ഷ നേതാവ് ഉന്നയിച്ചത് ഒരു സാങ്കേതിക പ്രശ്നമാണ്. നമ്മൾ പൊതുവിലുള്ള ധാരണകളുടെ അടിസ്ഥാനത്തിലാണ് ഈ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നത്. അതിന്റെ ഭാഗമായാണ് ഇത് സംബന്ധിച്ച തീരുമാനമായിട്ടുള്ളത്. കൂടുതൽ സമയം ചർച്ചകൾക്ക് വേണമെന്നുള്ള അഭിപ്രായം തന്നെയാണ് നമുക്കെല്ലാവർക്കുമുള്ളത്. അതുകൊണ്ട് പ്രതിപക്ഷം സഹകരിക്കണം. നമുക്ക് ഇത് പാസ്സാക്കണം. ഈ ആറ് ഓർഡിനൻസിന് പകരമുള്ള അഞ്ച് ബില്ലുകൾ പാസ്സാക്കണം. മറ്റ് രണ്ട് ബില്ലുകളും പാസ്സാക്കണം. പോലീസ് ബിൽ വളരെ പ്രധാനപ്പെട്ടതാണെന്ന് ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞു ശ്രീ. എം. വിജയകുമാറും നേരത്തെ പറഞ്ഞു. നേരത്തെ ഒരു ചർച്ച ഇവിടെ നടന്നു. രണ്ടാം വായനയിലും അത് സംബന്ധിച്ച് ഒരു ചർച്ചകൂടി നടക്കാൻ അവസരമുണ്ട്. നമുക്ക് സമയം കൂടുതലെടുത്ത് ക്ലോസ് ബൈ ക്ലോസ് ചർച്ച പൂർത്തീകരിച്ച് പാസ്സാക്കാൻ കഴിയണം. ഈ ബുദ്ധിമുട്ട് മനസ്സിലാക്കി പ്രതിപക്ഷം സഹകരിക്കണം കൂടുതൽ ദിവസം എടുത്തുകൂടേ എന്ന് ചോദിച്ചു. പ്രതിപക്ഷം കുറേ പരിപാടികൾ പരസ്യമായി പ്രഖ്യാപിച്ചതായി കണ്ടു പ്രക്ഷോഭണങ്ങൾ, ജാഥകൾ ഒക്കെ. അതുകൊണ്ട് നിങ്ങൾക്കും സമയമുണ്ടാകണം. ഞങ്ങൾക്കും കുറേ പരിപാടികളുണ്ട്. എല്ലാം കൂടി ചേർന്ന് നമുക്കെല്ലാവർക്കും കൂടി യോജിച്ച് ഇത് പാസ്സാക്കാൻ സഹകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി) : സഭ തെറ്റായ കീഴ്വഴക്കങ്ങൾ ഉണ്ടാക്കരുത്.

മി. സ്പീക്കർ : നിയമനിർമ്മാണത്തിന് കൂടുതൽ സമയം വേണമെന്നുള്ള ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങളുടെ ആവശ്യവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കുന്നതിനുമുൻപുതന്നെ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ എന്നു പറഞ്ഞ് ബി.എ.സി. റിപ്പോർട്ടിൽ ഉൾപ്പെടുത്തിയ കാര്യം പ്രതിപക്ഷ നേതാവ് ചൂണ്ടിക്കാണിച്ചതും ശരിയാണ്. ബി.എ.സി-യിൽ ചർച്ച ചെയ്തതാണ്. സമയക്കുറവുകൊണ്ടാണ് ഇങ്ങനെ ഒരു തീരുമാനം എടുക്കേണ്ടിവന്നത്. കൂടുതൽ സമയം നിയമനിർമ്മാണത്തിന് വേണമെന്ന ആവശ്യത്തോട് ചെയർ യോജിക്കുകയാണ്. നിയമനിർമ്മാണം അനിവാര്യമായി വരുന്ന ചില സന്ദർഭങ്ങളിൽ ഇങ്ങനെ ചെയ്തിട്ടുമുണ്ട്. എന്തായാലും കൂടുതൽ സമയമെടുത്ത് ചർച്ച ചെയ്ത് നിയമങ്ങൾ പാസ്സാക്കുക തന്നെയാണ് ഉചിതമായിട്ടുള്ള കാര്യം.

ശ്രീ. കെ. എം. മാണി അങ്ങയുടെ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ ?

ശ്രീ. കെ. എം. മാണി : പ്രസ്സ് ചെയ്യുന്നു. സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

LIBRARY ARCHIVES Kerala Legislative Assembly

പ്രതികൂലിക്കുന്നവർ - 55

1. ശ്രീ. കെ. വി. അബ്ദുൾഖാദർ
2. ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി
3. ശ്രീ. എൻ. അനിരുദ്ധൻ
4. ശ്രീമതി പി. അയിഷാ പോറ്റി
5. ശ്രീമതി ജെ. അരുന്ധതി
6. ശ്രീ. ആനത്തലവട്ടം ആനന്ദൻ
7. ശ്രീ. എ. എം. ആരിഫ്
8. ശ്രീ. ബാബു എം. പാലിശ്ശേരി
9. ശ്രീ. ബാബു പോൾ
10. ശ്രീമതി ഇ. എസ്. ബിജിമോൾ
11. ശ്രീ. പള്ളിപ്രം ബാലൻ
12. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
13. ശ്രീ. എ. കെ. ചന്ദ്രൻ
14. ശ്രീ. എം. ചന്ദ്രൻ
15. ശ്രീ. വി. ചെന്താമരാക്ഷൻ
16. ശ്രീ. ബി. ഡി. ദേവസ്സി
17. ശ്രീ. സി. ദിവാകരൻ
18. ശ്രീ. കെ. കെ. ദിവാകരൻ
19. ശ്രീ. എളമരം കരീം
20. ശ്രീ. എം. ഹംസ
21. ശ്രീ. ജോർജ് എം. തോമസ്
22. ശ്രീ. എം. ജെ. ജേക്കബ്
23. ശ്രീ. കെ. കെ. ജയചന്ദ്രൻ
24. ശ്രീ. പി. ജയരാജൻ
25. ശ്രീ. ജോസ് ബേബി
26. ശ്രീ. ജോസ് തെറ്റയിൽ
27. ശ്രീ. പി. കൃഷ്ണപ്രസാദ്

LIBRARY ARCHIVES Kerala Legislative Assembly

28. ശ്രീ. സി. എച്ച്. കുഞ്ഞമ്പു
29. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
30. ശ്രീ. കെ. കുഞ്ഞിരാമൻ
31. ശ്രീ. കെ. വി. കുഞ്ഞിരാമൻ
32. ശ്രീ. കോവൂർ കുഞ്ഞുമോൻ
33. ശ്രീ. ടി. പി. കുഞ്ഞുണ്ണി
34. ശ്രീമതി കെ. കെ. ലതിക
35. ശ്രീ. എ. സി. മൊയ്തീൻ
36. ശ്രീ. എം. എം. മോനായി
37. ശ്രീ. മുരളി പെരുനെല്ലി
38. ശ്രീ. പാലോളി മുഹമ്മദ് കുട്ടി
39. ശ്രീ. സി. കെ. പി. പത്മനാഭൻ
40. ശ്രീ. എം. കെ. പുരുഷോത്തമൻ
41. ശ്രീ. എം. പ്രകാശൻ മാസ്റ്റർ
42. ശ്രീ. മുല്ലക്കര രത്നാകരൻ
43. പ്രൊഫ. സി. രവീന്ദ്രനാഥ്
44. ശ്രീ. എൻ. രാജൻ
45. ശ്രീ. കെ. പി. രാജേന്ദ്രൻ
46. ശ്രീ. രാജാജി മാത്യു തോമസ്
47. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
48. ശ്രീ. രാജു എബ്രഹാം
49. ശ്രീ. കെ. സി. രാജഗോപാലൻ
50. ശ്രീ. സി. കെ. സദാശിവൻ
51. ശ്രീ. ജി. സുധാകരൻ
52. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
53. ശ്രീ. എസ്. ശർമ്മ
54. ശ്രീ. വി. എസ്. സുനിൽ കുമാർ
55. ശ്രീ. എം. വിജയകുമാർ

LIBRARY ARCHIVES Kerala Legislative Assembly

അനുകൂലിക്കുന്നവർ - 25

1. ശ്രീ. എ. പി. അനിൽകുമാർ
2. ശ്രീ. സി. ടി. അഹമ്മദ് അലി
3. ശ്രീ. കെ. ബാബു
4. ശ്രീ. ബി. ബാബു പ്രസാദ്
5. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
6. ശ്രീ. പി. സി. ജോർജ്
7. പ്രൊഫ. എൻ. ജയരാജ്
8. ശ്രീ. കെ. സി. ജോസഫ്
9. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
10. ശ്രീ. കെ. എം. മാണി
11. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
12. ശ്രീ. ആര്യാടൻ മുഹമ്മദ്
13. ശ്രീ. സി. പി. മുഹമ്മദ്
14. ശ്രീ. എം. മുരളി
15. ശ്രീ. കെ. പി. മോഹനൻ
16. ശ്രീ. ഉമ്മൻ ചാണ്ടി
17. ശ്രീ. അടൂർ പ്രകാശ്
18. ശ്രീ. ടി. എൻ. പ്രതാപൻ
19. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
20. ശ്രീ. കെ. കെ. ഷാജു
21. ശ്രീ. എ. എ. ഷുക്കൂർ
22. ശ്രീ. വി. ഡി. സതീശൻ
23. ശ്രീ. കെ. ശിവദാസൻ നായർ
24. ശ്രീ. തോമസ് ചാഴികാടൻ
25. ശ്രീ. തോമസ് ഉണ്ണിയാടൻ

LIBRARY ARCHIVES Kerala Legislative Assembly

അനുകൂലിക്കുന്നവർ 25

പ്രതികൂലിക്കുന്നവർ. 55

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. സി. ജോസഫ് അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. സി. ജോസഫ് : പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ശ്രീ. ആര്യാടൻ മുഹമ്മദ് അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ആര്യാടൻ മുഹമ്മദ് : പ്രസ്സ് ചെയ്യുന്നില്ല.

ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

റിപ്പോർട്ട് സഭ അംഗീകരിച്ചു.

VIII നിയമനിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(1) 2010-ലെ കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി ബിൽ

മി. സ്പീക്കർ : ബഹുമാനപ്പെട്ട ക്ഷീരവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി അങ്ങേക്ക് കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി ബിൽ-2010 അവതരിപ്പിക്കാവുന്നതാണ്. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

ക്ഷീരവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) : 2010-ലെ കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ബഹുമാനപ്പെട്ട ക്ഷീരവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി അങ്ങേക്ക് 2010-ലെ കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി ബിൽ കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച 1-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly